"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - പത്തനംതിട്ട ജില്ലയിലെ നാരങ്ങാനം ഗ്രാമപഞ്ചായത്തിലെ പാർട്ട്ടൈം സ്വീപ്പറായിരുന്ന ശ്രീ. രാജേഷ് കുമാറിനെ 23.03.2005 പ്രാബല്യത്തിൽ എല്ലാ ആനുകൂല്യങ്ങളോടുംകൂടി പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.2178/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 20/11/2020

പരാമർശം:- 1 സ.ഉ(പി) 501/2005/ഫിൻ തീയതി. 25.11.2005

2 ജി.ഒ(ആർടി) നം. 2888/08/തസ്വഭവ തീയതി. 24.07.2008

3 ജി.ഒ(പി) നം.61/2010/ ധന തീയതി 09.02.2010

4 സ.ഉ.(എം.എസ്) 221/2011/തസ്വഭവ ഉത്തരവ് തീയതി 13.09.2011

5 ബഹു.കേരളാ ഹൈക്കോടതിയുടെ 21.6.2018 ലെ 24222/2008 നം. വിധിന്യായം

6 പഞ്ചായത്ത് ഡയറക്ടറുടെ 01.7.2019 ലെ PAN/5380/2019-E5(DP) നം. കത്ത്

## ഉത്തരവ്

പത്തനംതിട്ട ജില്ലയിലെ നാരങ്ങാനം ഗ്രാമപഞ്ചായത്തിലെ പാർട്ട്ടൈം സ്വീപ്പറിന് ഉദ്യോഗക്കയറ്റം ലഭിച്ചതിനെ തുടർന്നുണ്ടായ ഒഴിവിൽ ഗ്രാമപഞ്ചയത്തിന്റെ 28.03.2005 ലെ 3(5)-ാം നമ്പർ തീരുമാന പ്രകാരം ശ്രീ.രാജേഷ് കുമാർ ജി. യെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിരുന്നു. പ്രസ്തുത നിയമനം പരാമർശം (1) ഉത്തരവ് പ്രകാരം സ്ഥിരപ്പെടുത്തുന്നതിന് നാരങ്ങാനം ഗ്രാമപഞ്ചായത്ത് 23.08.2006 ലെ 3(1)-ാം നമ്പർ പ്രകാരം തീരുമാനമെടുത്തു. പാർട്ട്ടൈം സ്വീപ്പർ തസ്തികയിലെ ഒഴിവ് ലോക്കൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം നികത്തണമെന്നിരിക്കെ 25.08.2006 ൽ നാരങ്ങാനം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സി1-226/2006 നമ്പർ ഉത്തരവ് പ്രകാരം 23.03.2005 മുതൽ മുൻകാല പ്രാബല്യത്തിൽ ശ്രീ.രാജേഷ് കുമാറിനെ സ്ഥിരപ്പെടുത്തുകയും സ്ഥിരം പാർട്ട് ടൈം സ്വീപ്പറുടെ ശമ്പളവും ആനുകൂല്യങ്ങളും അനുവദിക്കുകയും ചെയ്തു. തന്റെ നിയമനം സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ക്രമവൽക്കരിക്കണമെന്ന് ആവശ്യപ്പെട്ട് ടിയാൻ ഡബ്ല്യൂ.പി.(സി) 36389/2007 നമ്പരായി ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ടി കേസിലെ 06.03.2008 ലെ വിധിന്യായം പാലിച്ച പരാമർ ശം (2) സർ ക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. പരാമർ ശം (1) ഉത്തരവ് പ്രകാരം ദിവസവേതനത്തിൽ ജോലി ചെയ്യുന്ന പാർട്ട് ടൈം സ്വീപ്പറുടെ സേവനം ക്രമവൽക്കരിക്കാൻ സാധ്യമല്ല. തസ്തിക നിലവിലുള്ള ഗ്രാമപഞ്ചായത്തുകളിലെ നിയമനം ലോക്കൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം നടത്തണമെന്ന സർക്കാർ നിർദ്ദേശം പാലിക്കാതെ പഞ്ചായത്ത് സെക്രട്ടറി നടത്തിയ പ്രസ്തുത നിയമനം റദ്ദാക്കിയും 09/2006 മുതൽ ടിയാന് നൽകിയ അധികശമ്പളം തിരികെ ഈടാക്കാനും പരാമർ ശം (2) സർ ക്കാർ ഉത്തരവിൽ നിർദ്ദേശിച്ചു. പ്രസ്തുത സർക്കാർ ഉത്തരവിനെതിരെ ടിയാന്റെ സേവനം മുൻകാല പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ട് ബഹു. കേരള ഹൈക്കോടതിയിൽ ശ്രീ.രാജേഷ് കുമാർ ഡബ്ല്യൂ.പി(സി) നം 24222/2008 നമ്പർ ഹർജി ഫയൽ ചെയ്തു. ടി ഹർജിയിലെ 12.08.2008 ലെ ഇടക്കാല ഉത്തരവ് പ്രകാരം ടിയാൻ അതേ പോലെ ജോലിയിൽ തുടർന്നു. പരാമർ ശം (2) ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടിയാൻ 23.03.2005 മുതൽ 30.04.2011 വരെയുള്ള കാലയളവിൽ അധികമായി കൈപ്പറ്റിയ 63,628/- രൂപ തിരികെ അടവാക്കിയിരുന്നതായും പരാമർശം (3) ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം പരാമർശം (1) ഉത്തരവിന്റെ പ്രാബല്യ തീയതിയായ 25.11.2005

ൽ സേവനത്തിലുണ്ടായിരുന്ന എല്ലാ സ്വീപ്പർമാരെയും ഉത്തരവ് തീയതിയായ 09.02.2010 പ്രാബല്യത്തിൽ മാത്രം സ്ഥിരപ്പെടുത്താൻ അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (4) ഉത്തരവ് പുറപ്പെടുവിക്കുകയും അപ്രകാരമുള്ള 21 ജീവനക്കാരെ സർക്കാർ സ്ഥിരപ്പെടുത്തുകയും ചെയ്തതായും ടി ഉത്തരവിൽ ശ്രീ രാജേഷ് കുമാറിനെയും 09.02.2010 തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തുകയും ചെയ്തതായും ജില്ലാ മെഡിക്കൽ ഓഫീസറുടെ 20.01.2015 ലെ എ2-7575/14/ജി.മെ.ആ (ആരോഗ്യം) നമ്പർ ഉത്തരവ് പ്രകാരം ടിയാന് ആരോഗ്യ വകുപ്പിൽ രണ്ടാം ഗ്രേഡ് ആശുപത്രി അറ്റന്റന്റായി നിയമനം ലഭിച്ചതിനെ തുടർന്ന് 03.02.2015 തീയതിയിൽ പഞ്ചായത്ത് വകുപ്പിൽ നിന്നും വിടുതൽ ചെയ്തതായും പരാമർശം (6) പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തു.

ഡബ്ല്യു.പി(സി) നം 24222/2008 നമ്പർ ഹർജിയിലെ പരാമർശം (5) വിധിന്യായത്തിൽ താഴെ പറയും പ്രകാരം ഉത്തരവായിരുന്നു

"The short question in this writ petition is to whether the Part time Sweeper working against the sanction permanent post is entitled to benefit of the Government Order (G.O No.501/2005) dated 25.11.2005 for regularisation of service. In fact in connected matters (WP(C) 26149/08 and others) this Court had taken a view that such benefit would also enure to the Part time Sweeper as well (see the judgment in WP(C) No. 1416/08,24912/08 etc). That judgment also was affirmed in WA No.2044/2009. In that view of the matter, the writ petition is allowed. If the petitioner is entitled for any other benefits based on regularisation, certainly that shall be given to the petitioner"

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഹർജിക്കാരനായ ശ്രീ. രാജേഷ് കുമാർ 25.11.2005 ൽ സേവനത്തിലുണ്ടായിരുന്നു. കൂടാതെ നാരങ്ങാനം ഗ്രാമപഞ്ചയത്തിൽ പരാമർശം (1) ഉത്തരവ് പ്രകാരമുള്ള സ്വീപ്പിംങ് ഏര്യ നിലവിലുണ്ട്. ബഹു. കേരള ഹൈക്കോടതിയുടെ WP(C) 26149/2008, WA 2044/2009 വിധിന്യായങ്ങളിലെ നിർദേശങ്ങൾ പ്രകാരം തുടർച്ചയായും സ്ഥിരമായും ജോലിയിൽ ഉണ്ടെങ്കിൽ വേതനം നല്കുന്ന രീതി ഒരു പ്രശ്നമല്ലെന്നും ഇവർക്ക് മറ്റുള്ളവർക്ക് ലഭിച്ച ആനുകൂല്യത്തിന് അർഹതയുണ്ടെന്നുമുള്ള നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ. ശ്രീ.രാജേഷ് കുമാറിന് 23.03.2005 പ്രാബല്യത്തിൽ ക്രമവൽക്കരണത്തിന് അർഹതയുള്ളതായി കാണുന്നു.

മേൽ സാഹചര്യങ്ങളിൽ പത്തനംതിട്ട ജില്ലയിലെ നാരങ്ങാനം ഗ്രാമപഞ്ചായത്തിലെ പാർട്ട്ടൈം സ്വീപ്പിറായിരുന്ന ശ്രീ.രാജേഷ് കുമാർ ജി. യെ 23.03.2005 പ്രാബല്യത്തിൽ എല്ലാ ആനുകൂല്യങ്ങളോടും കൂടി പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തുന്നതിന് ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം (5) ലെ ബഹു.കേരളാ ഹൈക്കോടതിയുടെ വിധിന്യായം ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാതു**

**അഡിഷണൽ സെക്രട്ടറി**

ശ്രീ.രാജേഷ് കുമാർ ജി, പാർട്ട്ടൈം സ്വീപ്പർ, നാരങ്ങാനം ഗ്രാമപഞ്ചായത്ത്

പത്തനംതിട്ട ജില്ല. (നാരങ്ങാനം ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുഖേന)

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം (ആമുഖ കത്ത് സഹിതം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട ജില്ല.

സെക്രട്ടറി, നാരങ്ങാനം ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട ജില്ല.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

ഐ&പിആർഡി -വെബ് & ന്യൂ മീഡിയ

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/167/2018-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ